ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12-07-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ആറ് ദിവസത്തെ ത്രിരാഷ്ട്ര സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി.

**Prime Minister Narendra Modi Returns to New Delhi After Successful Six-Day Three-Nation Tour.**

2. എസ്. ജാനകിയമ്മയുടെ നിര്യാണത്തിൽ അനുശോചന പ്രവാഹം. ഇതിഹാസ ഗായികയെ അനുസ്മരിച്ച് രാഷ്ട്രപതി , ഉപരാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പടെയുള്ളവർ. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ശേഷം.

**Nation Mourns Legendary Playback Singer S. Janaki; President, Vice President and Prime Minister Pay Tributes; Funeral Today.**

3. വയനാട് കള്ളാടിയിലെ മണ്ണിടിച്ചിലിൽ മരിച്ചവരുടെ എണ്ണം എട്ടായി. ഹിമാചൽ സ്വദേശിയുടെ മൃതദേഹം ഇന്ന് രാവിലെ കണ്ടെത്തി.

**Wayanad Landslide Toll Rises to Eight; Body of Himachal Native Recovered This Morning.**

4. വിയറ്റ്നാമിൽ ബോട്ടു മറിഞ്ഞ് മലയാളികൾ ഉൾപ്പെടെ 15 ഇന്ത്യക്കാർ മരിച്ച സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ച് വിയറ്റ്നാം സർക്കാർ.

**Vietnam Orders Probe Into Tourist Boat Tragedy That Claimed 15 Indian Lives, Including Keralites.**

5. പശ്ചിമേഷ്യയിൽ വീണ്ടും സംഘർഷ സാഹചര്യം. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ ഹോർമുസ് അടച്ചതായി ഇറാൻ.

**Tensions Escalate in West Asia; Iran Announces Closure of Strait of Hormuz Until Further Notice.**

6. ലോകകപ്പ് ഫുട്ബോളിൽ സ്വിറ്റ്സർലൻഡിനെ മൂന്ന് - ഒന്നിന് പരാജയപ്പെടുത്തി അർജൻറീന സെമി ഫൈനലിൽ.

**FIFA World Cup: Argentina Beat Switzerland 3–1 to Reach Semi-finals.**

&&&&&&&&&&&&&&&&&&

**HEADLINE-1**

**PM - RETURN**

ആറ് ദിവസത്തെ ത്രിരാഷ്ട്ര സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി. ഇന്തോനേഷ്യ, ഓസ്ട്രേലിയ, ന്യൂസിലൻഡ് എന്നീ രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിച്ചത്. മൂന്ന് രാജ്യങ്ങളിലെയും ഭരണ നേതൃത്വവുമായി ഉഭയകക്ഷി ചർച്ചകൾ നടത്തിയ അദ്ദേഹം ഇന്ത്യൻ പ്രവാസികളുമായും സംവദിച്ചു. മൂന്നാമത് ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടിയിലും ഇന്ത്യ-ഓസ്ട്രേലിയ സിഇഒ ഫോറത്തിലും ശ്രീ മോദി പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## HEADLINE-2

## NT. SINGER S. JANAKI PASSED AWAY

ഇതിഹാസ ഗായിക എസ് ജാനകിയമ്മയ്ക്ക് രാജ്യത്തിന്റെ അന്ത്യാഞ്ജലി. സംസ്കാരം ഉച്ചകഴിഞ്ഞ് കർണാടകയിലെ കനിയനഹുണ്ഡി ഫാം ഹൗസിൽ നടക്കും. മൈസൂരുവിൽ ഇന്നലെ രാത്രിയായിരുന്നു അന്ത്യം. 88 വയസായിരുന്നു. ആറ് പതിറ്റാണ്ടിലേറെ നീണ്ട സംഗീത സപര്യയിൽ മലയാളം, കന്നഡ, തമിഴ്, ഹിന്ദി ഭാഷകളിലായി 48,000-ത്തോളം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. ആകാശവാണി ദേശീയ തലത്തിൽ സംഘടിപ്പിച്ച ഗാന മത്സരത്തിൽ രണ്ടാംസ്ഥാനം നേടിയതോടെയാണ് ജാനകി ശ്രദ്ധേയയായത്. എം.എസ് ബാബുരാജ്, എം.എസ് വിശ്വനാഥൻ, ഇളയരാജ, ജി. ദേവരാജൻ, എ.ആർ റഹ്മാൻ തുടങ്ങി ഒട്ടേറെ സംഗീത സംവിധായകരുടെ പ്രശസ്ത ഗാനങ്ങൾക്ക് എസ് ജാനകി ശബ്ദം നൽകി. നാല് തവണ മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരവും 33 സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളും നേടി.

&&&&&&&&&&&&&&&&&&

## S JANAKI – CONDOLENCE

എസ്. ജാനകിയമ്മയുടെ നിര്യാണത്തിൽ അനുശോചന പ്രവാഹം. രാഷ്ട്രപതി , ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ അതീവ ദുഃഖം രേഖപ്പെടുത്തി. ജാനകിയമ്മ അനശ്വരമാക്കിയ സംഗീതസൃഷ്ടികൾ എന്നും വിലമതിക്കപ്പെടുന്നതായിരിക്കുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ഭാഷാപരമായ അതിർത്തികൾ മറികടക്കുന്നതായിരുന്നു ജാനകിയമ്മയുടെ പാട്ടുകളെന്ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ അനുസ്മരിച്ചു. തലമുറകളുടെ സ്നേഹം ഏറ്റുവാങ്ങിയ ആ ഗാനങ്ങൾ ആസ്വാദകരുടെ മനസ്സിൽ എക്കാലവും നിലനിൽക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. കേരള ഗവർണർ, മുഖ്യമന്ത്രി , പ്രതിപക്ഷ നേതാവ് ഉൾപ്പടെ രാഷ്ട്രീയ സാംസ്കാരിക രംഗത്തെ നിരവധിപേർ അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## SREEKUMARAN THAMPI (INTRO)

*അന്തരിച്ച മഹാഗായിക എസ് ജാനകിയ മ്മയുമായുള്ള സംഗീതരംഗത്തെ സുദീർഘമായ ബന്ധം പ്രശസ്ത ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി അനുസ്മരിക്കുന്നു.*

*(ഹോൾഡ് - വോയിസ് - ശ്രീകുമാരൻ തമ്പി)*

&&&&&&&&&&&&&&&&&&

**HEADLINE-4**

**VIETNAM BOAT TRAGEDY**

വിയറ്റ്നാമിൽ ബോട്ടു മറിഞ്ഞ് മലയാളികൾ അടക്കം 15 ഇന്ത്യൻ സഞ്ചാരികൾ മരണമടഞ്ഞ സംഭവത്തിൽ അന്വേഷണം പ്രഖ്യാപിച്ച് വിയറ്റ്നാം പ്രധാനമന്ത്രി ലെ മിൻ ഹൂങ്. ദുരന്തബാധിതരുടെ ദുഃഖത്തിൽ പങ്കുചേരുന്നതായി വിദേശകാര്യ മന്ത്രി എസ് .ജയശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

**MOSHI – DEATH TOLL**

മഹാരാഷ്ട്രയിലെ, പൂനെ ജില്ലയിൽ മോഷി മാലിന്യ ഡിപ്പോ അപകടത്തിൽ മരിച്ചവരുടെ എണ്ണം ഒമ്പതായി. ഇക്കഴിഞ്ഞ ബുധനാഴ്ച വേസ്റ്റ്-ടു-എനർജി പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിന് മുകളിൽ വൻ മാലിന്യക്കൂമ്പാരം ഇടിഞ്ഞു വീഴുകയായിരുന്നു. അപകടം നടന്ന് നാലാം ദിവസമാണ് ഏഴ് പേരുടെ മൃതദേഹങ്ങൾ കൂടി കണ്ടെടുത്തത്.

&&&&&&&&&&&&&&&&&&

**AMIT SHAH – PLANTATION DRIVE**

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് അഹമ്മദാബാദിൽ , 405 കോടി രൂപയുടെ വിവിധ ജനകേന്ദ്രീകൃത പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും നിർവഹിച്ചു. ഗാന്ധിനഗർ ലോക്സഭാ മണ്ഡലത്തിനായുള്ള വിപുലമായ വനവൽക്കരണ കാമ്പെയ്‌നും അദ്ദേഹം തുടക്കം കുറിച്ചു. കാമ്പെയ്‌നിന്റെ ഭാഗമായി, ഈ വർഷം, മണ്ഡലത്തിലുടനീളം 1.25 കോടിയിലധികം തൈകൾ നട്ടുപിടിപ്പിക്കും.

&&&&&&&&&&&&&&&&&&

**HEADLINE-3**

**WAYANAD - RESCUE**

വയനാട് കള്ളാടിയിലെ തുരങ്കപാത നിർമാണ പ്രദേശത്തെ മണ്ണിടിച്ചിലിൽ കാണാതായ ഹിമാചൽ സ്വദേശി വിക്രം റാണയുടെ മൃതദേഹം കണ്ടെത്തി. കൺസ്ട്രക്ഷൻ മാനേജറാണ് വിക്രം റാണ. ഇതോടെ മണ്ണിടിച്ചിലിൽ മരിച്ചവരുടെ എണ്ണം എട്ടായി.

&&&&&&&&&&&&&&&&&&

**CM-KOCHI**

കൊച്ചി കോർപറേഷന്റെ മൂന്നാമത് റോ- റോ സർവീസ്, മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. കെ.എസ്.ആർ.ടി.സി ബസുകളിലെ 'പ്രിയദർശിനി' പദ്ധതിക്ക് സമാനമായി പുതിയ റോ-റോ സർവീസിലും സ്ത്രീകൾക്ക് പൂർണ്ണമായും സൗജന്യ യാത്രയായിരിക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചു. ഇതിലൂടെ സ്ത്രീകൾ ലാഭിക്കുന്ന തുക സുരക്ഷിതമായി നിക്ഷേപിക്കുന്നതിന് കെഎസ്എഫ്ഇയിൽ പ്രത്യേക 'പിങ്ക് ചിട്ടി' ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**MONSOON SESSION**

പാർലമെൻറിന്റെ വർഷകാല സമ്മേളനം ഈ മാസം 20 ന് ആരംഭിക്കും. ഓഗസ്റ്റ് 13 വരെയാണ് സമ്മേളനം. വർഷകാല സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ സജീവമായി പുരോഗമിക്കുന്നതായി പാർലമെൻററി കാര്യ സഹമന്ത്രി അർജുൻ റാം ശ്രീ മേഘ്‌വാൾ നേരത്തെ അറിയിച്ചിരുന്നു.

&&&&&&&&&&&&&&&&&&

**MEA-YEMEN**

യമനിലേക്ക് യാത്ര ചെയ്യുന്ന ഇന്ത്യൻ പൗരന്മാർക്ക് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ വിദേശകാര്യ മന്ത്രാലയം പിൻവലിച്ചു. 2017-ൽ പുറപ്പെടുവിച്ച വിജ്ഞാപനമാണ് പിൻവലിച്ചത്. യമനിലെ ആഭ്യന്തരയുദ്ധത്തെ തുടർന്നാണ് സുരക്ഷ മുൻനിർത്തി ഇന്ത്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നത്. അതേസമയം വിലക്ക് പിൻവലിച്ചെങ്കിലും, ഇന്ത്യൻ പൗരന്മാർ അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**HEADLINE-6**

**FIFA WORLD CUP**

ലോകകപ്പ് ഫുട്ബോളിൽ അർജന്റീന സെമി ഫൈനലിലെത്തി. രാവിലെ നടന്ന ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ സ്വിറ്റ്സർലൻഡിനെ മൂന്ന് - ഒന്നിന് പരാജയപ്പെടുത്തിയാണ് അർജന്റീനയുടെ മുന്നേറ്റം. പുലർച്ചെ നടന്ന ക്വാർട്ടറിൽ നോർവെയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ച് ഇംഗ്ലണ്ടും സെമിയിലെത്തിയിട്ടുണ്ട്. സ്പെയിനും ഫ്രാൻസുമാണ് ഇതിനു മുൻപ് സെമിയിലെത്തിയ ടീമുകൾ. ബുധനാഴ്ചയാണ് സെമി മത്സരങ്ങൾക്ക് തുടക്കമാവുക.

&&&&&&&&&&&&&&&&&&

**DAY WIMBLEDON**

വിംബിൾഡൺ ടെന്നീസിൽ, പുരുഷ സിംഗിൾസ്, വനിതാ ഡബിൾസ് ഫൈനലുകൾ ഇന്ന്. ഇന്ത്യൻ സമയം രാത്രി 8:30-ന് നടക്കുന്ന പുരുഷ സിംഗിൾസ് ഫൈനലിൽ ലോക ഒന്നാം നമ്പർ താരമായ യാനിക് സിന്നർ ജർമ്മനിയുടെ അലക്സാണ്ടർ സ്വെരെവിനെ നേരിടും. വൈകുന്നേരം 5:30-ന് ആരംഭിക്കുന്ന വനിതാ ഡബിൾസ് കിരീട പോരാട്ടത്തിൽ ചൈന - ഫ്രാൻസ് സഖ്യം, കാനഡ - ബ്രസീൽ സഖ്യവുമായി ഏറ്റുമുട്ടും. അതിനിടെ ചെക്ക് റിപ്പബ്ലിക്കിൻറെ ലിൻഡ നൊസ്കോവ സ്വന്തം നാട്ടുകാരിയായ കരോലിന മുച്ചോവയെ പരാജയപ്പെടുത്തി തന്റെ കന്നി ഗ്രാൻഡ് സ്ലാം കിരീടം സ്വന്തമാക്കി.

&&&&&&&&&&&&&&&&&&

## HEADLINE-5

**IRAN – HORMUZ( INTRO )**

***പശ്ചിമേഷ്യയിൽ വീണ്ടും സംഘർഷ സാഹചര്യം. ഹോർമുസ് കടലിടുക്കിൽ കപ്പലിന് നേരെ ഇറാൻ ആക്രമണമുണ്ടായതിനു പിന്നാലെ അമേരിക്ക ഇറാനെതിരെ വ്യോമാക്രമണം ശക്തമാക്കി. ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ സമുദ്രപാത പൂർണ്ണമായി അടച്ചതായി ഇറാൻ നാവികസേന പ്രഖ്യാപിച്ചു. അതേസമയം, ഖെഷ്ം ദ്വീപ്, തുറമുഖ നഗരങ്ങളായ ബന്ദർ അബ്ബാസ്, സിരിക് എന്നിവിടങ്ങളിൽ സ്ഫോടനങ്ങളുണ്ടായതായാണ് റിപ്പോർട്ട്....***

***വിശദാംശങ്ങളിലേക്ക്....***
***( വോയിസ്...)***

## ***( VO )***

***സൈപ്രസ് പതാകയുള്ള കപ്പലിന് നേരെയുണ്ടായ ഇറാൻ ആക്രമണത്തെ തുടർന്നാണ് , അമേരിക്ക ഇറാനെതിരെയുള്ള നീക്കങ്ങൾ കടുപ്പിച്ചത്. പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നിർദ്ദേശപ്രകാരമാണ് ആക്രമണം നടത്തിയതെന്ന് യുഎസ് സൈന്യം അറിയിച്ചു. അനധികൃതമായി പാത ഉപയോഗിച്ചതിനെ തുടർന്നാണ് അടച്ചിടലെന്ന് ഇറാൻ നാവികസേനയും പ്രതികരിച്ചു. മേഖലയിൽ യുഎസ് ഇടപെടൽ അവസാനിക്കുന്നതുവരെ ജലപാതയിലൂടെ ഒരു കപ്പലിനെയും കടത്തിവിടില്ലെന്നും അറിയിച്ചിട്ടുണ്ട്. ഹോർമുസിലൂടെയുള്ള സുഗമമായ കപ്പൽ ഗതാഗതത്തിന് ഇറാനിയൻ സമുദ്രത്തിലൂടെയും ഒമാനി മേഖലയിലൂടെയും രണ്ട് വ്യത്യസ്ത പാതകൾ സജ്ജമാക്കണമെന്ന നിർദ്ദേശം ഒമാൻ ആവർത്തിച്ചു. എന്നാൽ നേരത്തെ നടന്ന ചർച്ചകളിൽ സമാനമായ നിർദ്ദേശം ഇറാൻ തള്ളിയിരുന്നു. അതിനിടെ, സംഘർഷങ്ങൾക്കിടയിലും ഇറാനുമായുള്ള ചർച്ചകൾ തുടരുമെന്ന് യുഎസ് പ്രസിഡൻറ് പറഞ്ഞു.***

***ന്യൂസ്ഡെസ്ക് ആകാശവാണി.....***

&&&&&&&&&&&&&&&&&&

## IMD

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അടുത്ത നാല് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജമ്മു കശ്മീർ, ലഡാക്ക്, ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, ഡൽഹി, വടക്ക് കിഴക്കൻ മേഖല എന്നിവിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുള്ളതായാണ് മുന്നറിയിപ്പ്. കേരളത്തിൽ ഒറ്റപ്പെട്ടയിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കാലാവസ്ഥാ കേന്ദ്രം അറിയിച്ചു.

&&&&&&&&&&&&&&&&&&

## VENEZUELA QUAKE TOLL

രണ്ടാഴ്ച മുൻപ് വെനസ്വേലയിലുണ്ടായ ശക്തമായ ഇരട്ട ഭൂകമ്പങ്ങളിൽ മരണസംഖ്യ 4,300 കടന്നു. 16,000ത്തിലേറെ പേർക്ക് പരിക്കേറ്റതായി വെനസ്വേലൻ പ്രസിഡന്റ് ജോർജ്ജ് റോഡ്രിഗസ് വ്യക്തമാക്കി. ദുരന്തത്തെ അതിജീവിച്ച 18,000-ഓളം പേർ താൽക്കാലിക ക്യാമ്പുകളിൽ കഴിയുകയാണ്.

&&&&&&&&&&&&&&&&&&

## QATAR EMIR DIES

ഖത്തർ മുൻ അമീർ ഷെയ്ഖ് ഹമദ് ബിൻ ഖലീഫ അൽ ഥാനി അന്തരിച്ചു. 74 വയസ്സായിരുന്നു. ഖത്തറിനെ നയതന്ത്രം, നിക്ഷേപം, ഊർജം എന്നീ മേഖലകളിൽ സുപ്രധാന ആഗോള ശക്തിയായി മാറ്റിയെടുത്ത ഭരണാധികാരിയായിരുന്നു. പരമ്പരാഗത രീതികളിൽ നിന്ന് വ്യത്യസ്തമായി, 18 വർഷത്തെ ഭരണത്തിന് ശേഷം 2013-ൽ അദ്ദേഹം സ്വമേധയാ അധികാരം മകന് കൈമാറുകയായിരുന്നു. , അൽ ജസീറ വാർത്താ ശൃംഖല ആരംഭിച്ചതും, അന്താരാഷ്ട്ര നിക്ഷേപങ്ങൾ വിപുലീകരിച്ചതും ഇദ്ദേഹത്തിന്റെ ശ്രമഫലമായിരുന്നു .

&&&&&&&&&&&&&&&&&&

## EPFO – AMNESTY SCHEME

'എക്സെംപ്റ്റഡ് പ്രൊവിഡന്റ് ഫണ്ട്' ട്രസ്റ്റുകൾക്ക് അവകാശങ്ങൾ നിയമവിധേയമായി ക്രമപ്പെടുത്തുന്നതിന് ഒറ്റത്തവണ അവസരമൊരുക്കി ഇ.പി.എഫ്.ഓ . പുതിയ 'ആംനസ്റ്റി സ്കീം 2026' ന്റെ കാലാവധി ആറ്

മാസമായിരിക്കുമെന്ന് തൊഴിൽ- മന്ത്രാലയം അറിയിച്ചു. തൊഴിലാളികളുടെ പി.എഫ് വിഹിതം നേരിട്ട് ഇ.പി.എഫ്.ഒ-യിൽ നിക്ഷേപിക്കുന്നതിന് പകരം, കമ്പനികൾ തന്നെ ട്രസ്റ്റുകൾ രൂപീകരിച്ച് കൈകാര്യം ചെയ്യുന്ന സംവിധാനമാണ് 'എക്സെംപ്റ്റഡ് പ്രൊവിഡന്റ് ഫണ്ട്' .

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&